**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2008** **29-07-2021 - ൽ മറുപടിയ്ക്ക്**

**പുതിയ സഹകരണ സംഘങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പുതിയ സഹകരണ സംഘങ്ങൾ തുടങ്ങുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് പുതിയ സഹകരണ സംഘങ്ങൾ തുടങ്ങുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. ബഹു.ഗവർണ്ണറുടെ നയ പ്രഖ്യാപന പ്രസംഗത്തിൽ യുവജന ങ്ങൾക്കും, കലാകാരൻമാർക്കും, നെൽ കർഷകർക്കും, സഹകരണ സംഘങ്ങൾ രൂപീകരിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. യുവ ജന സഹകരണ സംഘത്തിന്റെയും നെൽകർഷകർക്കുള്ള സഹകരണ സംഘത്തിന്റെയും രൂപീകരണം സർക്കാരിന്റെ നൂറ് ദിന കർമ്മ പരിപാടി യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സംഘങ്ങളുടെ രൂപീകരണത്തിനുള്ള പ്രവർത്തന ങ്ങൾ പുരോഗമിച്ച് വരുന്നു. 18 വയസ്സിനും 45 വയസ്സിനും ഇടയിൽ പ്രായമുള്ളവരും നൂതന ആശയങ്ങൾ പ്രാവർത്തികമാക്കുന്നതിൽ തത്പരരുമായ സഹകരണ മൂല്യങ്ങളിൽ വിശ്വസിക്കുന്ന യുവ ജനങ്ങൾക്ക് സാമൂഹ്യ, സാമ്പത്തിക, സാംസ്കാരിക പുരോഗതി കൈവരിക്കുന്ന തിനായി സംരംഭങ്ങൾ ആരംഭിക്കുക ആയത് വഴി യുവജനങ്ങളെ സഹകരണ മേഖലയിലേയ്ക്ക് ആകർഷിക്കുക എന്നുള്ളതാണ് യുവജന സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിലൂടെ ലക്ഷ്യമിടുന്നത്. ഒരു ജില്ലയ്ക്കുള്ളിൽ പ്രവർത്തന പരിധി യായിട്ടാണ് ഇത്തരം സംഘങ്ങൾ രജിസ്റ്റർ ചെയ്ത് നൽകുന്നത്. യുവജനങ്ങൾക്കായി 25 സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് നൽകുന്നതിനുള്ള പ്രാരംഭ നടപടി ആരംഭിച്ചു. സംഗീതം, നാടകം, പ്രകടനകലകൾ എന്നിവ അവതരിപ്പിക്കുന്ന കലാകാരൻ മാരുടെ സാമ്പത്തിക ഉന്നമനത്തിനായി സാഹിത്യപ്രവർത്തക സഹകരണ സംഘ ത്തിന്റെ മാതൃകയിൽ സംസ്ഥാന മൊട്ടാകെ പ്രവർത്തനപരിധിയായി കലാ കാരൻമാരുടെ ഒരു സഹകരണസംഘം രൂപീകരിക്കുന്നതിന് |

| | | | |
|---|---|---|---|
| | | | തീരുമാനിച്ചിട്ടുണ്ട്. കോവിഡ് 19 സാഹചര്യത്തെ അതിജീവി ക്കുന്നതിനായി കലാകാരൻമാർക്ക് ജില്ലാ അടിസ്ഥാനത്തിൽ/ടൂറിസം മേഖലകളിൽ അവരുടെ കലകൾ അവതരിപ്പി ക്കുന്നതിന് സ്ഥിരം വേദി ഒരുക്കി അവരുടെ സാമ്പത്തികവും സാമൂഹികവു മായ ഉന്നമനം ലക്ഷ്യമിട്ടാണ് പ്രസ്തുത സംഘം രൂപീകരിക്കാൻ തീരുമാനിച്ചിട്ടുള്ളത്. ആയതിന്റെ പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ നെൽകർഷകരുടെ പ്രയാസങ്ങൾക്കും പ്രതിസന്ധികൾക്കും പരിഹാരം കാണുന്നതിനായി സംഭരണ, സംസ്കരണ, വിപണന രംഗത്ത് സഹ കരണ മേഖലയുടെ ഇടപെടൽ ഉണ്ടാകും വിധം സംസ്ഥാനമാകെ അധികാര പരിധിയോടുകൂടിയ ഒരു ഫെഡറൽ നെല്ല് സഹകരണ സംഘം രൂപീകരിക്കുന്നതിനും കുട്ടനാട്ടും അപ്പർ കുട്ടനാട്ടും രണ്ട് ആധുനിക റൈസ് മിൽ സ്ഥാപിക്കുന്ന തിനുമായുള്ള പ്രാഥമിക നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | പുതിയ സഹകരണ സംഘങ്ങൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വ്യക്തമാക്കുമോ; | (ബി) | പുതിയ സഹകരണ സംഘങ്ങൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും 1969 ലെ കേരള സഹകരണ സംഘം നിയമം, വകുപ്പ്, ചട്ടം 3 മുതൽ 15 വരെയുള്ള വ്യവസ്ഥകൾക്ക് അനുസരിച്ചായിരിക്കും. സഹകരണ തത്വങ്ങൾ പ്രകാരം പൊതുതാത്പര്യ ത്തോടെയോ അംഗങ്ങളുടെ സാമ്പത്തിക താത്പര്യങ്ങളോ ലക്ഷ്യമാക്കിയുള്ള സഹകരണ സംഘം രജിസ്റ്റർ ചെയ്യാം. സംഘം രൂപീകരിക്കുന്നതിന് താത്പര്യപ്പെടുന്നവരെ പ്രൊമോട്ടേഴ്സ് എന്നറിയപ്പെടും പ്രൊമോട്ടേഴ്സ് ഏറ്റവും ചുരു ങ്ങിയത് 25 പേർ ഉണ്ടായി രിക്കുകയും അവർ വ്യത്യസ്ത കുടുംബങ്ങളിൽ ഉൾപ്പെട്ടവരാ യിരിക്കുകയും വേണം. സംഘം രജിസ്ട്രേഷൻ സംബന്ധിച്ച് ഒരു ആലോചന യോഗം കൂടേണ്ടതും നിർദ്ദിഷ്ട സംഘത്തിന്റെ ബൈലാ വ്യവസ്ഥകൾ ചർച്ച ചെയ്യേണ്ടതുമാണ്. സംഘം രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷയും മറ്റു നടപടികളും കൈക്കൊള്ളു ന്നതിനായി പ്രൊമോട്ടേഴ്സ് അവരിൽ നിന്നും ഒരു ചീഫ് പ്രൊമോട്ടറെ തെരെഞ്ഞെടു ക്കേണ്ടതാണ്. നിർദ്ദിഷ്ട സംഘം രജിസ്റ്റർ ചെയ്ത് നിലവിൽ വരുന്നതുവരെയുള്ള കത്തിട പാടുകൾ ചീഫ് പ്രൊമോട്ടറുടെ പേരിലായിരിക്കും. സഹകരണ വകുപ്പ് തയ്യാറാക്കിയിട്ടുള്ള മാതൃകാ ബൈലായുടെ മാതൃകയിൽ പ്രൊമോ ട്ടേഴ്സിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾക്ക് അനുസൃതമായി ബൈല തയ്യാ റാക്കാവുന്നതും, ആയത് സഹകരണ നിയമത്തിനും ചട്ടത്തിനും വിധേയമാണെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. സംഘം |

| | | | |
|---|---|---|---|
| | | | രജിസ്ട്രേഷന് ആവശ് മായ വിവരങ്ങൾക്കും സേവന ങ്ങൾക്കുമായി സഹകരണ വകുപ്പിന്റെ താലൂക്ക് ആഫീസുകളുമായി ബന്ധപ്പെടാവുന്നതാണ്. സംഘം രൂപീകരിക്കുന്നതിനുള്ള അപേക്ഷയും അപേക്ഷ യോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ സംബന്ധിച്ചുള്ള വിവരങ്ങളും അതാത് അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) ആഫീസുകളിൽ നിന്നും ലഭ്യമാക്കുന്നതാണ്. അപേക്ഷയോടൊപ്പം നിശ്ചിത ഫീസ് ട്രഷറിയിൽ ഒടുക്കിയ ചെല്ലാൻ സമർപ്പിക്കേണ്ടതാണ്. നിർദ്ദിഷ്ട സംഘം ലാഭകരമായി പ്രവർത്തിക്കാൻ കഴിയുന്ന രീതി യിലുള്ള പ്രൊജക്ട് റിപ്പോർട്ട് അപേക്ഷയോടൊപ്പം സമർപ്പി ക്കേണ്ടതും, പ്രൊമോട്ടേഴ്സിന്റെ പേര്, മേൽവിലാസം ഓഹരി കളുടെ എണ്ണം എന്നിവ സംബന്ധിച്ച വിവരങ്ങളും അപേക്ഷയോടൊപ്പം സമർപ്പി ക്കേണ്ടതാണ്. സംഘം രജിസ്ട്രേഷനുള്ള അപേക്ഷ താലൂക്ക് അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) വഴി ജില്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ)ന് സമർപ്പിക്കേണ്ടതാണ്. |
| (സി) | ഗ്രാമപഞ്ചായത്ത്, ബ്ലോക്ക്, നഗരസഭ കേന്ദ്രങ്ങളിൽ കാർഷിക ഉല്പന്നങ്ങളുടെ സംഭരണ-വിതരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് സഹകരണ വകുപ്പ് ധനസഹായം അനുവദിക്കുന്നുണ്ടോ; എങ്കിൽ അതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വ്യക്തമാക്കുമോ? | (സി) | കാർഷിക ഉല്പന്നങ്ങളുടെ സംഭരണ-വിതരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് സഹകരണ വകുപ്പ് ധനസഹായം അനുവദിക്കുന്നുണ്ട്. പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ വഴി പഞ്ചായത്ത്, മുനിസി പ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവിടങ്ങളിൽ ഗ്രാമീൺ മാർക്കറ്റുകൾ/ പച്ചക്കറി ശേഖരണ കേന്ദ്രങ്ങൾക്കുള്ള സഹായം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും മുനിസിപ്പൽ കോർപ്പറേഷനുകളിലുള്ള ഗ്രാമീണ വിപണികളുടെ വികസനത്തിനും നവീകരണത്തിനുമായി ടി പ്രദേശത്തെ അംഗീകൃത പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ നേതൃത്വ ത്തിൽ ഈ പദ്ധതി നടപ്പിലാക്കാൻ നിർദ്ദേശിക്കപ്പെടുന്നു. അതുവഴി കർഷകർക്ക് നേരിട്ടുള്ള വിൽപ്പനയ്ക്ക് സഹായി ക്കുന്ന വിപണന വേദി ഒരുക്കുന്നു. ഇതിലൂടെ ഗ്രാമീണ കമ്പോളങ്ങളുടെ സാമീപ്യം, ന്യായവില, പാഴ്ചെലവ് ഇല്ലാതാക്കൽ, ചൂഷണങ്ങളിൽ നിന്നുള്ള സംരക്ഷണം എന്നിവ മെച്ചപ്പെടുത്താൻ കഴിയും. 2021-22 ബഡ്ജറ്റിൽ ഈ പദ്ധതിയുടെ കീഴിൽ മുകളിൽ പറഞ്ഞ പ്രവർത്തനങ്ങൾക്കായി 400.00 ലക്ഷം രൂപ വകയിരുത്തിട്ടുണ്ട്. സുഭിക്ഷ കേരളം പദ്ധതിയുടെ പ്രവർത്തനങ്ങളുമായി സംയോജിപ്പിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. 2021-22 സാമ്പത്തിക വർഷം നടപ്പിലാക്കുന്ന പുതിയ പദ്ധതി ആയതിനാൽ ടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള മാനദണ്ഡങ്ങളും |

| | | | |
|---|---|---|---|
| | | | നടപടിക്രമങ്ങളും ഉൾപ്പെടെയുള്ള മാർഗ്ഗ നിർദ്ദേശം തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ